(എഫ്) എം.സി റോഡിലെ ഏനാത്ത് പാലവും കോട്ടയം-പുനലൂർ റോഡിലെ ഇരുമ്പേൻ പാലവും പുതുക്കി പണിതു എന്നതിന്റെ പേരിൽ ടോൾ ഒഴിവാക്കുകയും പുതുപ്പള്ളി പാലം പുതുക്കി പണിതതിന് ടോൾ ഏർപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനം എന്താണ്;

(ജി) പുതുപ്പള്ളി പാലത്തിന്റെ ടോൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ആരുടെയെല്ലാം നിവേദനം ലഭിച്ചിട്ടുണ്ട്;

(ഐ) ഈ നിവേദനങ്ങൾ അനുകൂലമായി പരിഗണിക്കുമോ?

ഉത്തരം

(എ) 53,85,114/-രൂപ.

(ബി) 8-7-89 മുതൽ.

(സി) 20,77,583/- രൂപ.

(ഡി&ഇ) നിലവിലുള്ള പാലങ്ങൾക്ക് പകരമായി പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ അതിന് ടോൾ പിരിക്കണമോ എന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുന്നു.

(എഫ്)നയപരമായി പ്രസ്തുത പാലങ്ങളെ ടോൾ പിരിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) ശ്രീ. ഉമ്മൻചാണ്ടി എം.എൽ.എ. മുഖേന മീനടം പഞ്ചായത്ത് ഗ്രാമവികസന സമിതി പ്രസിഡന്റിന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഐ) പരിശോധിച്ചു വരുന്നു.

130 (563) പൊതുമരാമത്ത് പണികളുടെ കുടിശ്ശിക തുക

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിയേതര പൊതുമരാമത്ത് പണികളുടെ നവീകരണം, പ്രത്യേക അറ്റകുറ്റപ്പണി എന്നിവ നടത്തിയ കരാറുകാർക്ക് കുടിശ്ശിക തുക 1999 ഡിസംബർ 15-ാം തീയതി വിതരണം ചെയ്തതിന്റെ മാനദണ്ഡവും ജില്ല തിരിച്ചുള്ള കണക്കുകളും വ്യക്തമാക്കുമോ;

(ബി) പ്രസ്തുതയിനത്തിൽ കുടിശ്ശിക തീർക്കുന്നതിന് സംസ്ഥാനത്തിലെ തെക്കൻ ജില്ലകൾക്ക് പണം അനുവദിക്കാതിരുന്നതിന് കാരണം എന്താണ്;

(സി) ഫണ്ട് അനുവദിക്കാതിരുന്നതുകൊണ്ട് തെക്കൻ ജില്ലകളിൽ കരാറുകാർ പുതിയ പണി നടത്തുന്നതിന് തയ്യാറാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എം.ഡി.ആർ., ഒ.ഡി.ആർ. റോഡുകളുടെ പണി ചെയ്ത കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ആലപ്പുഴ ജില്ലയ്ക്ക് ഈയിടെ കൊടുത്ത തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബഹു. ഹൈക്കോടതിയുടെ 4579/98 എന്ന ഒറിജിനൽ പെറ്റീഷനിലെ തീർപ്പ് പ്രകാരം 23-6-1999-ന് മുമ്പ് ഒറിജനൽ പെറ്റീഷൻ നൽകിയ കരാറുകാരുടെ കുടിശ്ശിക നാലു മാസത്തിനകം നൽകണമെന്ന കോടതി വിധി പാലിക്കപ്പെടുന്നതിനു വേണ്ടിയാണ് വടക്കൻ ജില്ലകൾക്ക് തുക അനുവദിച്ചത്. അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) 1999-2000-ാമാണ്ടത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ തുക മൈനർ ഹെഡു പ്രകാരം നാല് ക്വാർട്ടറുകളിലായി ആണ് അനുവദിക്കുന്നത്. അതനുസരിച്ച് ഓരോ ക്വാർട്ടറുകളിൽ ആലപ്പുഴ ജില്ലയ്ക്ക് 5054-04-800 എന്ന ശീർഷകത്തിൽ അനുവദിച്ച തുക താഴെപറയും പ്രകാരമാണ്.

ഒന്നാമത് ക്വാർട്ടറിൽ - 1,00,00,000 രൂപ

രണ്ടാമത് ക്വാർട്ടറിൽ - 1,08,42,000 രൂപ

മൂന്നാമത് ക്വാർട്ടറിൽ - 58,62,0000 രൂപ

2000 ഫെബ്രുവരി 24-ാം തീയതിലെ താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

ചോദ്യം നമ്പർ

440, 456, 463, 501, 502, 503, 507, 508, 509, 512, 530, 533, 564, 572.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ ക്ലിനിക്കൽ ലാബുകളുടെ പ്രവർത്തനം

[9.30 A.M]

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, വൈദ്യ ചികിത്സാരംഗത്തെ വളരെ പ്രധാനമായൊരു സംഗതിയാണ് ഞാൻ കാളിംഗ് അറ്റൻഷനിലൂടെ കൊണ്ടുവരുന്നത്. നമ്മുടെ നാട്ടിൽ ക്ലിനിക്കൽ ലാബുകളെ നിയന്ത്രിക്കാൻ വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കണക്കിനു പറഞ്ഞാൽ, ജീവനെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. കുണ്ട് മുളച്ചു പൊന്തുന്നതുപോലെയാണ് ക്ലിനിക്കൽ ലാബുകൾ പൊന്തുന്നത്. ആർക്കും എവിടെയും എങ്ങനെയും ക്ലിനിക്കൽ ലാബ് തുടങ്ങാം എന്നുള്ള സ്വഭാവത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഇത് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. രോഗനിർണ്ണയപ്രക്രിയയിൽ ലാബ്ടെസ്റ്റ് എന്നു പറയുന്നത് പ്രധാനമായൊരു സംഗതിയാണ്. ലാബ് ടെസ്റ്റിൽ ഒരു തെറ്റു സംഭവിച്ചാൽ അതിന്റെ ഫലമായി ചികിത്സാനടപടിയാകെ തകിടം മറിയുമെന്നു മാത്രമല്ല, മനുഷ്യന്റെ മരണത്തിനുവരെ ഇടയാക്കുന്ന വിധത്തിൽ കാര്യങ്ങൾ ചെന്നുചേരുമെന്നുള്ളതിൽ സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിനെക്കുറിച്ച് അറിയാം. ക്ലിനിക്കൽ ലാബുകളുടെ പ്രവർത്തനമാകട്ടെ, അല്ലെങ്കിൽ അതിന്റെ ഗുണനിലവാരത്തിന്റെ കാര്യമാകട്ടെ, അല്ലെങ്കിൽ അവിടെ ഈടാക്കുന്ന ഫീസിന്റെ കാര്യമാകട്ടെ ഈ മൂന്നു കാര്യങ്ങളും നിയന്ത്രിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly